# 23

## സഭ:

# അതിന്റെ സംഗീതം (1)

**പുതിയ നിയമം** ________________________________________________

1. **"ക്രിസ്ത്യാനി" എന്ന നാമം ഏതു നിയമത്തിലാണ് വരുന്നത് (പ്രവൃത്തികൾ 11:26; 2 കൊരി. 3:8)?**
2. **സഭ ഏതു നിയമത്തിലാണ് ഉൾപ്പെടുന്നത് (മത്താ. 16:18; പ്രവൃത്തി കൾ 20:28)?**
3. **പുതിയ നിയമം പ്രാബല്യത്തിലായതു എപ്പോൾ (എബ്രാ. 9:16, 17)?**
4. **റോമയിലുണ്ടായിരുന്നവർ ന്യായപ്രമാണ സംബന്ധമായി മരിച്ചതെ ങ്ങനെ (റോമ. 7:4)?**
5. **ക്രിസ്ത്യാനികൾ എങ്ങനെയാണ് കർത്താവിനെ സേവിക്കേണ്ടത്? എന്തുകൊണ്ട് (റോമ. 7:6)?**
6. **ന്യായപ്രമാണത്തിലേക്കു തിരിച്ചു പോകുന്ന അസ്ഥിരതയെ വിശദ മാക്കുക (റോമ. 7:2, 3)?**
   a. ന്യായപ്രമാണത്തിലേക്കു തിരിച്ചു പോകുന്നതിൽ ഉൾപ്പെടുന്ന ബാധ്യത എന്താണ് (ഗലാ. 5:3)?
   b. അത്തരം നീക്കത്തിന്റെ ഭയങ്കരമായ അനന്തരഫലം എന്തായി രിക്കും (ഗലാ. 5:4)?

**പുതിയ നിയമത്തിലെ സംഗീതം** ____________________________________

1. **ഈ വാക്യങ്ങൾ ശ്രദ്ധിച്ചു വായിക്കുക:**
   a. "പിന്നെ അവർ സ്തോത്രം *പാടിയ*ശേഷം, ഒലിവു മലെക്കു പുറപ്പെട്ടുപോയി" (മത്താ. 26:30; മർക്കൊ. 14:26).
   b. "അർദ്ധരാത്രിക്കു പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ *പാടി* സ്തുതിച്ചു, തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു" (പ്രവൃത്തികൾ 16:25).
   c. "അതുകൊണ്ടു, ഞാൻ ജാതികളുടെ ഇടയിൽ നിന്നെ വാഴ്ത്തി, നിന്റെ നാമത്തിനു സ്തുതി *പാടും*" (റോമ. 15:9).
   d. "ആകയാൽ എന്ത്? ഞാൻ ആത്മാവു കൊണ്ടു പ്രാർത്ഥിക്കും, ബുദ്ധികൊണ്ടും പ്രാർത്ഥിക്കും. ആത്മാവുകൊണ്ടു *പാടും*, ബുദ്ധി കൊണ്ടും *പാടും*" (1 കൊരി. 14:15).
   e. "സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നു

*പാടിയും* കീർത്തനം ചെയ്തും; നമ്മുടെ കർത്താവായ യേശു വിന്റെ നാമത്തിൽ ദൈവവും പിതാവുമായവനു എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ" (എഫെ. 5:18, 19).

f. "സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും; നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു *പാടിയും* ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ" (കൊലൊ. 3:16).

g. "ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർത്തിക്കും; സഭാമദ്ധ്യേ ഞാൻ നിന്നെ പാടിസ്തുതിക്കും" (എബ്രാ. 2:12).

h. "അതുകൊണ്ടു അവൻ മുഖാന്തരം നാം ദൈവത്തിനു അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്ര യാഗം ഇടവിടാതെ അർപ്പിക്കുക" (എബ്രാ. 13:15).

i. "നിങ്ങളിൽ കഷ്ടം അനുഭവിക്കുന്നവൻ? പ്രാർത്ഥിക്കട്ടെ. സുഖം അനുഭവിക്കുന്നവൻ? *പാട്ടു പാടട്ടെ*" (യാക്കൊ. 5:13).

## ഉദ്ധരണികളിന്മേലുള്ള ചോദ്യങ്ങൾ

1. **എത്ര തരം സംഗീതമുണ്ട് അവിടെ?**
   വായ്കൊണ്ടുള്ളതും ഉപകരണങ്ങൾ ഉപയോഗിച്ചുള്ളതും.
2. **ഇവിടെ കൊടുത്തിട്ടുള്ള ഓരോ ഉദ്ധരണികളും, ഏതു തരം സംഗീതമായിരുന്നു പറഞ്ഞിരുന്നത്?**
3. **ദൈവത്തെ സ്തുതിക്കുവാൻ യേശുവും ശിഷ്യന്മാരും ഉപയോഗിച്ച സംഗീതം എന്തായിരുന്നു?**
4. **ഉപദേഷ്ടാക്കന്മാരായിരുന്ന, പൗലൊസും ശിലാസും അവരുടെ വികാരത്തെ എങ്ങനെ പ്രകടിപ്പിച്ചു?**
5. **എഫെസ്യരോടും കൊലൊസ്യരോടും പൗലൊസ് എന്തു ചെയ്യുവാനാണ് പറഞ്ഞത്?**
6. **സങ്കീർത്തനങ്ങളും, സ്തുതികളും, ആത്മിക ഗീതങ്ങളും എന്തു ചെയ്യണമായിരുന്നു?**
7. **എന്തിലായിരുന്നു യേശു ശിഷ്യന്മാരുടെ പ്രവൃത്തികൾ പരിമിത പ്പെടുത്തിയത് (മത്താ. 28:20)?**
8. **ഒരാൾ ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു അതിർ കടന്നു പോയാലോ (2 യോഹ. 9)?**
9. **പുതിയ നിയമത്തോടു ഒരാൾ കൂട്ടുകയോ, അതിൽ നിന്നു എന്തെങ്കിലും മാറ്റുകയോ ചെയ്താലോ (വെളി. 22:18, 19)?**
10. **ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നു അതിർ കടന്നുപോയാൽ കൊടുക്കേണ്ട വില (2 യോഹ. 9)?**
    a. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിന്നാലുള്ള അനുഗ്രഹം എന്ത് (2 യോഹ. 9)?

b. ബൈബിളിനോടു കൂട്ടുകയോ അതിൽ നിന്നു മാറ്റുകയോ ചെയ്യുന്ന മനുഷ്യനു എന്തു പറ്റും (വെളി. 22:18, 19)?

**11. ദൈവം കല്പിച്ചതു ഏതു വിധത്തിലുള്ള സംഗീതമാണ് (എഫെ. 5:19; കൊലൊ. 3:16)?**

**12. കർത്താവിനു അന്യാഗ്നി ഉപയോഗിച്ചത് ആർ (ലേവ്യാ. 10:1)?**

a. എന്തായിരുന്നു അന്യാഗ്നി (ലേവ്യാ. 10:1)?

b. ആ നിർമ്മര്യാദാ പ്രവൃത്തിക്കു കൊടുത്ത ശിക്ഷ എന്തായിരുന്നു (ലേവ്യാ. 10:2)?

**13. ആരാധനയിൽ ഓരോ ക്രിസ്ത്യാനിയും എങ്ങനെ നയിക്കപ്പെടണം (2 കൊരി. 5:7)?**

**14. വിശ്വാസത്താൽ നയിക്കപ്പെടുന്നതല്ല ഒരാളുടെ ദൈവത്തോടുള്ള സേവനം എങ്കിലോ (റോമ. 14:23)?**

**15. ഫിലിപ്പിയർ എന്തു ചെയ്യേണ്ടിയിരുന്നു (ഫിലി. 4:9)?**

a. പൗലൊസ് പാടിയതു എവിടെ വിവരിച്ചിരിക്കുന്നു (പ്രവൃത്തികൾ 16:25; 1 കൊരി. 14:15)?

b. പൗലൊസ് എവിടെ ഉപകരണങ്ങൾ ഉപയോഗിച്ചു, അല്ലെങ്കിൽ കല്പിച്ചു?

© 2009 Truth for Today